"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

2016-2021 കാലയളവിൽ അടിയന്തരസ്വഭാവമുള്ള അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി സ്വകാര്യ പ്രസുകളെ എംപാനൽ ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.2/2024/I&PRD    തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:- 1. 11.05.2017-ലെ സ.ഉ.(കൈ)നം.02/2017/ഐ&പിആർഡി.

2. 17.07.2020-ലെ സ.ഉ.(കൈ)നം.04/2020/ഐ&പിആർഡി.

3. സെന്റ് ജോസഫ്സ് പ്രസ്സ്, അക്ഷര ഓഫ് സെറ്റ്, ഓറഞ്ച് പ്രിന്റേഴ്സ് എന്നീ സ്ഥാപനങ്ങൾക്ക് വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ നല്കിയിട്ടുള്ള 04.11.2020-ലെ വർക്ക് ഓർഡറുകൾ.

**<u>ഉത്തരവ്</u>**

സർക്കാരിന്റെ വികസനക്ഷേമ പദ്ധതികളുടെയും വിവിധ പരിപാടികളുടെയും പ്രചരണാർത്ഥം വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിവിധ ക്യാംപെയിനുകളോടനുബന്ധിച്ച് പ്രചരണ സംബന്ധമായ അച്ചടി ജോലികൾ നിർവഹിക്കുന്നതിന് ഏജൻസികളെ പരാമർശം (1) പ്രകാരം 11.05.2017 മുതൽ 3 വർഷക്കാലയളവിലേക്ക് എംപാനൽ ചെയ്ത് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലയളവ് 10.05.2020 മുതൽ ഒരു വർഷക്കാലയളവിലേക്ക് ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം എംപാനൽ ചെയ്ത പ്രിന്റിംഗ് പ്രസ്സുകളായ അക്ഷര ഓഫ് സെറ്റ്, ഓറഞ്ച് പ്രിന്റേഴ്സ്, സെന്റ് ജോസഫ്സ് പ്രസ് എന്നീ 3 സ്ഥാപനങ്ങളിൽ നിന്ന് മുൻ സർക്കാരിന്റെ (2016-2021) കാലത്തെ ക്യാംപയിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച "അതിജീവനം" എന്ന ഫോൾഡറും "കേരളം മുന്നോട്ട്", "വാക്കിനൊപ്പം സർക്കാർ" എന്നീ ബുക്ക് ലെറ്റുകളും "നിയമസഭയിൽ മുഖ്യമന്ത്രിയുടെ പ്രസംഗം" എന്ന പുസ്തകവും സമയബന്ധിതമായി അച്ചടിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ പ്രസ്സുകൾക്ക് പരാമർശം (3) പ്രകാരം വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ വർക്ക് ഓർഡർ നല്കുകയും ചെയ്തിരുന്നു. മേല്പറഞ്ഞവ അച്ചടിക്കുന്നതിന് എംപാനൽഡ് പ്രസ്സുകൾക്ക് വർക്ക് ഓർഡർ നൽകിയ നടപടിക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിന്റിംഗ് ജോലികൾക്ക് സ്വകാര്യ പ്രസ്സുകളെ എംപാനൽമെന്റ് ചെയ്യുന്നതിന് സ്റ്റോർ പർച്ചേസ് മാനുവലിൽ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ അച്ചടി ജോലികൾക്ക് സ്വകാര്യ പ്രസുകളെ എംപാനൽ ചെയ്തിട്ടുള്ള പരാമർശത്തിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസിദ്ധീകരണങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുക എന്ന സദുദ്ദേശത്തോടെ അച്ചടി ജോലികൾ എംപാനൽഡ് പ്രസ്സുകളെ ഏൽപ്പിച്ചിട്ടുള്ളത്. അടിയന്തരമായി ജോലി പൂർത്തിയാക്കേണ്ടതും അസാധാരണ അച്ചടി

മികവ് ആവശ്യമായതുമായ ഘട്ടങ്ങളിൽ മാത്രമാണ് ഇത്തരത്തിൽ അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രസ്സുകൾ അതത് സമയത്ത് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമാണ് അച്ചടി ജോലികൾ നിർവ്വഹിച്ചിട്ടുള്ളതും. അടിയന്തര സാഹചര്യങ്ങളിൽ പ്രസിദ്ധീകരണങ്ങൾ ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ടി വരുമെന്നുള്ളതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നത് മൂലം കാലതാമസമുണ്ടാകുമെന്നതിനാലാണ് ഇത്തരം ഘട്ടങ്ങളിൽ വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള പ്രസ്സുകളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ച് നിർദ്ദിഷ്ട സ്പെസിഫിക്കേഷനിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന പ്രസ്സിനെ നിയമാനുസൃതമായി ജോലി ഏൽപ്പിച്ചിട്ടുള്ളത്. അടിയന്തര പ്രാധാന്യവും അസാധാരണ അച്ചടി മികവും ആവശ്യമില്ലാത്ത ഒരു പ്രവൃത്തിയും സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചിട്ടില്ല.

3. മേൽ സാഹചര്യത്തിൽ 2016-2021 കാലയളവിൽ അടിയന്തരസ്വഭാവമുള്ള അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനായി സ്വകാര്യ പ്രസുകളെ എംപാനൽ ചെയ്ത നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, ഐ & പി.ആർ ഡി
ഡെപ്യൂട്ടി ഡയറക്ടർ (പബ്ലിക്കേഷൻസ് )
ഇൻഫർമേഷൻ ഓഫീസർ (സി & ഡി )
പൊതുഭരണ (എസ്.സി. ) വകുപ്പ് ( 18.01.2024 ലെ ഇനം നമ്പർ ................ പ്രകാരം )
ധനകാര്യ വകുപ്പ് (Vide U O No. 2302440/വ്യയം-ഡി4/18/2022-ധന dated 04.01.2023)
സ്റ്റോർ പർച്ചേസ് വകുപ്പ് (Vide U O No. B1/33/2023-SPD dated 16.05.2023)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) /(സി2) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
അക്കൌണ്ടന്റ് ജനറൽ ആഡിറ്റ്/(എ & ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonia James
Date: 20-01-2024 14:35:20

പകർപ്പ്:-

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2.ഐ & പി.ആർ വകുപ്പ് സെക്രട്ടറിയുടെ സി എയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-01-2024

ഫയൽ നം. സി3/126/2020/ഐ&പിആർ(പാർട്ട്(1)). ഇനം നം: 2008

വിഷയം : ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - മുൻ സർക്കാരിന്റെ (2016-21) കാലത്തെ കാംപയിനോടനുബന്ധിച്ച് അടിയന്തര സാഹചര്യത്തിൽ ടെണ്ടർ നടപടി പാലിക്കാതെ വകുപ്പിന്റെ എംപാനൽഡ് ലിസ്റ്റിലുള്ള പ്രസ്സുകൾ മുഖേന ബുക്ക്‌ലെറ്റുകളും പുസ്തകവും അച്ചടിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

2008

— 123 —

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ )
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | സി3/126/2020/ഐ&പിആർ-പാർട്ട് (1) |
| 2. | വകുപ്പ് | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ് |
| 3. | വിഷയം | മുൻ സർക്കാരിന്റെ (2016–21) കാലത്തെ കാംപയിനോടനുബന്ധിച്ച് അടിയന്തര സാഹചര്യത്തിൽ ടെണ്ടർ നടപടി പാലിക്കാതെ വകുപ്പിന്റെ എംപാനൽഡ് ലിസ്റ്റിലുള്ള പ്രസ്സുകൾ മുഖേന ബുക്ക് ലെറ്റുകളും പുസ്തകവും അച്ചടിച്ച നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 17.09.2023 |
| 5. | (I)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | ഉണ്ട് |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽഅവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ.ശ്യാം വി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.മിനി ആന്റണി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.01.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.01.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 13.01.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.01.2024 |

-125-

| | | |
|---|---|---|
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മുൻ സർക്കാരിന്റെ (2016-21) കാലത്ത് സംഘടിപ്പിച്ച ക്യാംപയിന്റെ ഭാഗമായി അടിയന്തര സാഹചര്യത്തിൽ ടെണ്ടർ നടപടി സ്വീകരിക്കാതെ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ എംപാനൽഡ് ലിസ്റ്റിലുള്ള പ്രസ്സുകൾ മുഖേന ബുക്ക് ലെറ്റുകളും പുസ്തകവും അച്ചടിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് എംപാനൽ ചെയ്ത പ്രിന്റിംഗ് പ്രസ്സുകളായ അക്ഷര ഓഫ് സെറ്റ്, ഓറഞ്ച് പ്രിന്റേഴ്സ്, സെന്റ് ജോസഫ്സ് പ്രസ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് മുൻ സർക്കാരിന്റെ (2016-2021) കാലത്തെ ക്യാംപയിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച "അതിജീവനം" എന്ന ഫോൾഡറും "കേരളം മുന്നോട്ട്", "വാക്കിനൊപ്പം സർക്കാർ" എന്നീ ബുക്ക് ലെറ്റുകളും "നിയമസഭയിൽ മുഖ്യമന്ത്രിയുടെ പ്രസംഗം" എന്ന പുസ്തകവും സമയബന്ധിതമായി അച്ചടിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ പ്രസ്സുകൾക്ക് വകുപ്പ് ഡയറക്ടർ വർക്ക് ഓർഡർ നല്കുകയും ചെയ്തിട്ടുണ്ട്.

3. സ്റ്റോഴ്സ് പർച്ചേസ് റൂൾസ് പ്രകാരം അഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള വർക്കുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ മേല്പറഞ്ഞവ അച്ചടിക്കുന്നതിന് എംപാനൽഡ് പ്രസ്സുകൾക്ക് വർക്ക് ഓർഡർ നൽകിയ നടപടിക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**"പ്രിന്റിംഗ് ജോലികൾക്ക് പ്രസ്സുകളെ** Empanellment **ചെയ്യുന്നതിന്** Store Purchase Manual **ൽ വ്യവസ്ഥയുള്ളതല്ല എന്ന് പ്രസ്തുത വകുപ്പ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ചട്ടങ്ങളിലും മാനുവലിലും ഇല്ലാത്ത വ്യവസ്ഥകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കണമെങ്കിൽ അത് ധനകാര്യ വകുപ്പ്, സ്റ്റോർ പർച്ചേസ് വകുപ്പ് എന്നിവയുടെ അഭിപ്രായം ആരാഞ്ഞതിന് ശേഷം ആയിരിക്കണമായിരുന്നു. ഇവിടെ ഐ & പി ആർ വകുപ്പ് തന്നെ ക്രമപ്രകാരമല്ലാതെ ഇറക്കിയ ഉത്തരവ് ആണ് കീഴ്വഴക്കം ആയി എടുത്ത് വീണ്ടും അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് സർക്കാർ പണം പാഴായി പോകുന്നതിന് കാരണമായിട്ടുണ്ട്. അതുകൊണ്ട് ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുത് എന്ന കർശന നിർദ്ദേശം നല്കി 11.05.2017 ലെ സ.ഉ.(കൈ) നം.02/2017/ ഐ&പിആർ (അനുബന്ധം-1), 17.07.2020 ലെ സ.ഉ.(കൈ) നം.04/2020/ഐ&പിആർ (അനുബന്ധം-2) ഉത്തരവുകൾ പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നു. മേൽ ഉത്തരവുകൾ അടിയന്തരമായി റദ്ദ് ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു."**

4. തുടർന്ന് ഫയൽ സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

**"ഭരണ വകുപ്പിന്റെ ഫയലിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ഭരണ വകുപ്പിന്റെ ഫയലിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നത് പോലെ ധനകാര്യ വകുപ്പ്, സ്റ്റോർസ് പർചേസ് വകുപ്പ് എന്നിവയുടെ അംഗീകാരം കൂടാതെയും, സ്റ്റോർസ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെയും അടിയന്തര ഘട്ടങ്ങളിൽ അച്ചടി ജോലികൾക്ക് സ്വകാര്യ**

പ്രസുകളെ എംപാനൽ ചെയ്യുന്നതിന് വിവര-പൊതുജന സമ്പർക്ക വകുപ്പിന് അധികാരം നൽകിക്കൊണ്ടുള്ള ഉത്തരവുകൾ ഒന്നും തന്നെ നിലനിൽക്കുന്നതായി കാണുന്നില്ല. ധനകാര്യ വകുപ്പിന്റെ റിമാർക്ക്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് പ്രകാരം ഇവിടെ ഐ&പിആർ വകുപ്പ് തന്നെ ക്രമപ്രകാരമല്ലാതെ ഇറക്കിയ ഉത്തരവ് ആണ് കീഴ്വഴക്കം ആയി എടുത്ത് വീണ്ടും അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഐ &പി.ആർ.ഡി.യുടെ പ്രിന്റിംഗ് ജോലികൾ, സർക്കാർ സ്ഥാപനങ്ങളുടെ ഇത്തരം പ്രിന്റിങ് ജോലികൾ നിർവഹിക്കുന്നത് സംബന്ധിച്ച 10.07.19 ലെ 161/H3/18/HEdn നമ്പർ സർക്കുലർ (അനുബന്ധം-3) (ചീഫ് സെക്രട്ടറി തല നിർദേശം പ്രകാരം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുള്ളത്), മറ്റ് സ്റ്റാൻഡിംഗ് ഓർഡറുകൾ എന്നിവയ്ക്ക് വിധേയമായി മാത്രം നിർവഹിക്കേണ്ടതാണ് എന്ന കർശന നിർദ്ദേശത്തോടെ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തോട് (ഭരണ വകുപ്പിന്റെ ഫയലിലെ നോട്ട്#132) ഈ വകുപ്പ് യോജിക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

5. കൂടാതെ സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് 11.11.2022-ൽ ചുവടെ പറയും പ്രകാരവും അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"The proposal in the Note for the Council of Ministers is seeking ratification of the procurement for work order to two printing presses which was not in line with provisions of procurement manual / extant orders. In this subject matter Stores Purchase Dept. Advises, the following procedures to be adopted by I & PRD in future :

1. I & PR Dept. should adopt the methodology of procurement for printing of required materials in total solution.
2. The methodology should be transparent and not-discriminatory.
3. The Dept. should empanel printers by open transparent bidding for different types of printing requirement. The empanelled list should be valid for a period of three years. It is also advisable that to evolve separate list of empanelled presses for value of work up to 5 lakhs, 5 lakhs to 25 lakhs and more than 25 lakhs for which the RFP should contain technical capability criteria and PQ based on the financial capability and previous experiences.
4. As and when there is requirement of printing the price bids should be called for from all empanelled printers in the specified group and the lowest bidder should be awarded and work."

6. അടിയന്തര ഘട്ടങ്ങളിൽ അച്ചടി ജോലികൾക്ക് സ്വകാര്യ പ്രസുകളെ എംപാനൽ ചെയ്തിട്ടുള്ള വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം സന്ദർഭങ്ങളിൽ പ്രസിദ്ധീകരണങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുക എന്ന സദുദ്ദേശത്തോടെ അച്ചടി ജോലികൾ എംപാനൽഡ് പ്രസ്സുകളെ ഏൽപ്പിക്കുന്നത്. അടിയന്തരമായി ജോലി പൂർത്തിയാക്കേണ്ടതും അസാധാരണ അച്ചടി മികവ് ആവശ്യമായതുമായ ഘട്ടങ്ങളിൽ മാത്രമാണ് ഇത്തരത്തിൽ അച്ചടി ജോലികൾ സ്വകാര്യ

പ്രസ്സുകളെ ഏൽപ്പിക്കുന്നത്. പ്രസ്തുത പ്രസ്സുകൾ അതത് സമയത്ത് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമാണ് അച്ചടി ജോലികൾ നിർവ്വഹിച്ചു വരുന്നത്. അടിയന്തര സാഹചര്യങ്ങളിൽ പ്രസിദ്ധീകരണങ്ങൾ ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ അച്ചടിച്ച് വിതരണം ചെയ്യേണ്ടി വരുമെന്നുള്ളതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നത് മൂലം കാലതാമസമുണ്ടാകുമെന്നതിനാലാണ് ഇത്തരം ഘട്ടങ്ങളിൽ വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള പ്രസ്സുകളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ച് നിർദ്ദിഷ്ട സ്പെസിഫിക്കേഷനിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന പ്രസ്സിനെ നിയമാനുസൃതമായി ജോലി ഏൽപ്പിക്കുന്നത്. അടിയന്തര പ്രാധാന്യവും അസാധാരണ അച്ചടി മികവും ആവശ്യമില്ലാത്ത ഒരു പ്രവൃത്തിയും സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കാറില്ല. സർക്കാർ പ്രസ്സുകളിൽ ഗുണനിലവാരത്തിൽ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യയുടെ അഭാവത്തിൽ ഏറ്റവും ആകർഷകമായി രീതിയിൽ സർക്കാർ പ്രസിദ്ധീകരണങ്ങളുടെ അച്ചടി നിർവ്വഹിക്കുന്നതിന് അനുയോജ്യമായ തീരുമാനത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം ഉത്തരവാകുകയുണ്ടായി.

**1. സർക്കാർ പ്രസുകളിൽ നിർവ്വഹിക്കാൻ കഴിയാത്ത അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു നിശ്ചിത കാലയളവിലേക്കായി സ്വകാര്യ പ്രസ്സുകളെ എംപാനൽ ചെയ്യാവുന്നതാണ്.**

**2. സ്വകാര്യപ്രസുകളുടെ യോഗ്യത നിശ്ചയിച്ചതിനുശേഷം പത്രപരസ്യം നൽകി യോഗ്യതയുള്ള പ്രസുകളെ കണ്ടെത്തി അവയെ പാനൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ധനകാര്യ-സ്റ്റോർപർച്ചേസ് വകുപ്പുകളുമായി കൂടിയോലോചിച്ച് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും മന്ത്രിസഭായോഗ തീരുമാനത്തിനനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഇത് ആവർത്തിക്കേണ്ടതാണ്**

**3. സമയപരിധിയില്ലാത്ത അച്ചടി ജോലികൾ സർക്കാർ പ്രസിൽ നിർവ്വഹിക്കേണ്ടതാണ്. സർക്കാർ പ്രസിൽ നിർവ്വഹിക്കാൻ കഴിയാത്ത സമയപരിധിയില്ലാത്ത അച്ചടി ജോലികൾക്കായി സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ പ്രസ്സുകളെ കണ്ടെത്തേണ്ടതാണ്.**

**4. 2016-2021 കാലയളവിൽ അടിയന്തരസ്വഭാവമുള്ള അച്ചടിജോലികൾ നിർവ്വഹിക്കുന്നതനായി സ്വകാര്യ പ്രസുകളെ എംപാനൽ ചെയ്ത നടപടി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ സാധൂകരിക്കാവുന്നതാണ്.**

ബഹു. മുഖ്യമന്ത്രിയുടെ മേൽ ഉത്തരവിലെ(1-3) നിർദേശങ്ങളിൽ സി3/126/2020-IandPRD Main File-ൽ നടപടി സ്വീകരിച്ചു വരുന്നു.

-133-

തീരുമാനിക്കേണ്ട വിഷയം

2016-2021 കാലയളവിൽ അടിയന്തരസ്വഭാവമുള്ള അച്ചടിജോലികൾ നിർവ്വഹിക്കുന്നതിനായി സ്വകാര്യ പ്രസുകളെ എംപാനൽ ചെയ്ത വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?

GOVERNMENT OF KERALA

Abstract

Information & Public Relations Department – Implementation of campaign activities of Government of Kerala - Empanelled list of advertisement/printing agencies - Orders-Issued

==================================================================

INFORMATION & PUBLIC RELATIONS (C) DEPARTMENT

**G.O (MS) No.02/2017/I & PRD.** Thiruvananthapuram, Dated: 11/05/2017

==================================================================

Read: GO(Rt) No. 168/2017/I&PR dated 27/04/2017

ORDER

Information & Public Relations Department. Government of Kerala had invited applications from well established,professional agencies for preparing an empanelled list of agencies for the implementation of campaign activities of the Department on behalf of Government of Kerala . As per the Government Order read above a Judging committee was constituted for the selection of suitable agencies. After examining the presentation of various agencies on their proposals ,the committee has recommended Government for the selection of Certain agencies.

Government have examined the recommendation of the committee in detail and are pleased to select the agencies as recommended by the committee in the empanelled list of Information & Public Relations Department for the implementation of campaign activities of the Department on behalf of Government of Kerala . The empanelled list of agencies of Information & Public Relations Department ( I & PRD ) for the implementation of campaign activities of the Department on behalf of Government of Kerala and their categories of work are detailed below

Category No. 1 : Creative /Advertising Agency

The scope of work includes design of print advertisements , hoardings , brochures and posters for major campaigns and events done by the Department. The following agencies are selected/empnelled for the execution of work in this category

1. Maitri Advt.Works.Thiruvananthapuram
2. Crayons Advertisers, Thiruvananthapuram
3. Ad India Advertisers,Cochin

-2-

## Category No. 2 : TVC Production

The role of agency is to produce Television commercials for various campaigns of I & PRD . The following agencies are selected/empnelled for the execution of work in this category

1. Crayons Advertisers, , Thiruvananthapuram
2. Bright Communications, Thiruvananthapuram
3. Darpan TV , Thiruvananthapuram (For Celebrity endorsements )

## Category No. 3 : Outdoor Agency

The role of agency is to carry out door publicity of various campaigns of I & PRD .The following agencies are selected/empanelled for the execution of work in this category

1. J K Ads,Kollam
2. Ad India Advertisers,Cochin
3. Shadow Group,Thiruvananthapuram (For installation works )
4. Chakra Communications , Thiruvananthapuram ( For KSRTC Advt )
5. Black and white creations pvt ltd,Cochin (For Railway outdoor )

## Category No. 4 : Printing Agency

The scope of work includes printing of various promotional materials, banners, brochures etc .The following agencies are selected/empanelled for the execution of work in this category

1. St.Joseph Press, Thiruvananthapuram
2. Akshara Offset, Thiruvananthapuram
3. Orange Printers.Thiruvananthapuram
4. Spectrum Graphics (For large format printing )

## Catogery No. 5 : Social media / Online Agency

The agency job includes content management of all social media platforms related to specific campaigns. The following agencies are selected/empneled for the execution of work in this category

- 3 -

1. Global Innovative Technologies,Calicut
2. Maitri Advt.Works,Thiruvananthapuram

This order has a validity upto a period of three years from the date of order.The works shall be awarded to the empanelled agencies during this period. The Agencies shall provide their dedicated services to the Department as and when necessary and shall complete each work within the timelimit prescribed by the Department.

( By order of the Governor)
Suresh Kumar P.N
Deputy Secretary

1. Ad India Advertisers, Revathy Plaza,LFC Road, Kaloor ,Cochin -682017
2. Crayons Advertisers,T C No.9/691 (2),Madan Coil Lane,VRA-15(1),vellayambalam , Thiruvananthapuram -695010
3. Maitri Advt,Works, HRA 20,Harithagiri,Kanjirampara,Thiruvananthapuram
4. Bright Communications, First floor,KSHB Building,Near Manorama,Panampally Nagar,Kochi,Kerala -682036
5. Yesudas Williams,Darpan TV,TC 76/189(1),Anayara P.O.Thiruvananthapuram 1
6. JK Ads.Sree Narayana Janardhana Complex,Residency Road,Kollam -1
7. Shadow Group,Nandanam,Agra 1A,Near PHC,Balaramapuram, Thiruvananthapuram 695501
8. Finance Manager,Black & White Creations Pvt Ltd,Second floor,cc(32)/2368 B3,P.J Antony Road,Palarivattom,Cochin 682025
9. Global Innovative Technologies,Second Floor,Salania Building,Kottaram Road,East Nadakkavu,Calicut-673006
10. Sr.General Manager , Chakra Communications,Third Floor,Chakra Towers,Vanross Jn,Thiruvananthapuram -1
11. Manager ,St.Josephs Press,P.B No.415,Cotton Hill,Thiruvananthapuram-695014
12. Chief Executive , Akshara Offset , TC 25/3230(1) ,Kunnumpuram , Vanchiyoor, Thiruvananthapuram-695035
13. Orange Printers,TC 25/1993,Gandari amman kovil Jn,Thiruvananthapuram 1
14. Spectrum Graphics,Kavitha TC 29/517-7,CKRRA 93,Pettah,Kavaradi road, Pettah P.O.Thiruvananthapuram 695024
15. All Regional Deputy Directors and District Information Officers

16. All Deputy Directors and information officers of Directorate
17. Information & Public Relations (A), (B),(C),(D),(E),(F),(G) Department
18. Information Officer (Web &New Media)/Planning
19. Finance Department
20. The Principal Accountant General (A & E / Audit), Kerala, Thiruvananthapuram.
21. District Treasury Officer, Thiruvananthapuram.
22. Stock File / Office copy

Forwarded/By Order

Manjith

Section Officer

File No.C2/88/2020-I&PRD

Break the chain

GOVERNMENT OF KERALA

Abstract

Campaigns organized by Information & Public Relations Department - Agencies empanelled for various activities - Period extended - Orders issued

INFORMATION PUBLIC RELATIONS (C) DEPARTMENT

G.O (MS) No.04/2020/I&PRD Dated, Thiruvananthapuram. 17/07/2020

Read: G.O.(Ms.) No.02/2017/I&PRD dated 11.05.2017

ORDER

As per the Government order read above, agencies were empanelled for the implementation of campaign activities organized by Information & Public Relations Department on behalf of Government of Kerala under the following five categories, for a period of three years, i.e., upto 10.05.2020.

1. Creative/Advertising Agency (For design of print advertisements, hoardings, brochures and posters)
2. TVC Production (For production of television commercials)
3. Outdoor Agency (For outdoor publicity)
4. Printing Agency (For printing of promotional materials
5. Social media/Online Agency (For content management of social media platforms)

2) Government having examined the matter in detail are pleased to extend the empanelment of agencies as per the government order read above, until further orders are issued.

(By order of the Governor)
MARY LALY C Y
DEPUTY SECRETARY

M/s Maitri Advertisement Works, HRA 20, Harithagiri, Kanjirampara, Thiruvananthapuram

M/s Crayons Advertisers, TC No.9/691(2), Madan Coil Lane, VRA-15(1), Vellayambalam, Thiruvananthapuram

M/s Ad India Advertisers, Revathy Plaza, LFC Road, Kaloor, Cochin

File No.C2/88...[illegible]

M/s [illegible] Building, [illegible]
[illegible] Nagar, [illegible]
M/s Darpan TV, TC [illegible] Anayara P.O, Thiruvananthapuram
M/s JK Ads, Sree Narayana Janardhana Complex, Residency Road, K[illegible]am -1.
M/s Shadow Group, Nandanam, AGRA 1A, Near PHC, Balaramapuram, Thiruvananthapuram
M/s Chakra Communications, Third Floor, Chakra Towers, Vanross Junction, Thiruvananthapuram
M/s Black & White Creations Pvt Ltd, Second floor, CC(32) 2368 B3, P.J Antony Road, Palarivattom, Cochin 682025
M/s St.Josephs Press, P.B No.415, Cotton Hill, Thiruvananthapuram-695014
M/s Akshara Offset, TC 25/3230(1), Kunnumpuram, Vanchiyoor, Thiruvananthapuram 695035
M/s Orange Printers, TC 25/1993, Gandhari Amman Kovil Junction, Thiruvananthapuram
M/s Spectrum Graphics, Kavitha TC 29/517-7, CKRRA 93, Pettah, Kavaradi Road, Pettah P.O, Thiruvananthapuram 695024
M/s Global Innovative Technologies, Second Floor, Salania Building, Kottaram Road, East Nadakkavu, Calicut 673006
All District Information Officers and Regional Deputy Directors
All Deputy Directors and Information Officers in the Directorate
The Principal Accountant General (Audit/ A&E), Kerala, Thiruvananthapuram
Finance Department
All sections of Information & Public Relations Department
Stock file/office copy

Forwarded /By order

Section Officer

-141

കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്

നം. 161/എച്ച്3/18/ഉ.വി.വ. തിരുവനന്തപുരം, തീയതി : 10.07.2019

## സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - സർക്കാരിന്റെ അച്ചടി ജോലികൾ, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കണമെന്ന നിലവിലുള്ള നിർദ്ദേശം പാലിക്കാത്തത് - സംബന്ധിച്ച്.

സൂചന:- 1. 05.03.2007 ലെ 27089/എച്ച്3/06/ഉ.വി.വ നമ്പർ സർക്കുലർ.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 28.11.2018 ലെ 12173/2018/എസ് & വി നമ്പർ കത്ത്.

സർക്കാർ വകുപ്പുകളുടെയും/സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ ജോലികൾ, അച്ചടി വകുപ്പിന്റെ കീഴിലുള്ള സർക്കാർ പ്രസ്സുകളിൽ തന്നെ നിർവ്വഹിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് 2-ാം വാല്യം Appendix 4 ലെ 42-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത അച്ചടി ജോലികൾ, സർക്കാർ പ്രസ്സുകളിൽ മാത്രം നിർവ്വഹിക്കുന്നതിനും, അച്ചടി വകുപ്പിനു സാധിക്കാത്തവ ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി മാത്രം മറ്റു സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്നതിനും എല്ലാ വകുപ്പ് മേധാവികൾക്കും പരാമർശം (1) ലെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

2. സർക്കാർ പ്രസ്സുകളിൽ അച്ചടി സംബന്ധമായ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് മതിയായ സംവിധാനം/സാഹചര്യം നിലവിലുണ്ടെങ്കിലും, പല വകുപ്പുകളും/സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ സർക്കാരേതര പ്രസ്സുകളെ ഏൽപ്പിക്കുന്ന പ്രവണത കൂടി വരുന്നതായും, ഇത്തരം നടപടികൾ സർക്കാരിനു ഭീമമായ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഈ പ്രവണത സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. എല്ലാ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെയും, അച്ചടി സംബന്ധിച്ച എല്ലാ ജോലികളും, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും/സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കുവാൻ സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം, സർക്കാരേതര/സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും എല്ലാ ഭരണ വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി

..(2)

Generated by CamScanner

-2-

നിർദ്ദേശങ്ങൾക്ക വിരുദ്ധമായ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടന്ന പക്ഷം ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനമേധാവികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണ വകുപ്പ് മേധാവികൾ തങ്ങളുടെ നിയന്ത്രണത്തിലുള്ള വകുപ്പ്/സ്ഥാപന മേധാവികൾക്ക് നൽകേണ്ടതാണ്.

ടോം ജോസ്
ചീഫ് സെക്രട്ടറി

പകർപ്പ്:-

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ തലവന്മാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പകൾക്കും, സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി. നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ. ഹൈക്കോടതി, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ. കേരള. കൊച്ചി, കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ. കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം ശാഖ (ആമുഖ കത്ത് സഹിതം).
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ഡയറക്ടർ. വിവരപൊതുജനസമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Generated by CamScanner